# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 27

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2019 മേയിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി.(പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡിഗ്രി (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2081/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ്(റഗുലർ എം.ടി.ടി.എം. 2018 അഡ്മിഷൻ, സപ്ലിമെന്ററി എം.ടി.ടി.എം. 2016, 2017 അഡ്മിഷൻ, സപ്ലിമെന്ററി എം.ടി.എ. 2016 വരെയുള്ള അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2082/2019)

## പരീക്ഷ തീയതി

ബി.കോം (മോഡൽ 1 -പാർട്ട് 3 മെയിൻ- വാർഷിക സ്കീം സ്പെഷൽ മേഴ്സി ചാൻസ്, അദാലത്ത് -സ്പെഷൽ മേഴ്സി ചാൻസ് 2018, റഗുലർ/പ്രൈവറ്റ്) പരീക്ഷ ഡിസംബർ 18 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2083/2019)

അഞ്ചാം സെമസ്റ്റർ ബി.വോക്(2017 അഡ്മിഷൻ റഗുലർ/2014,2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 12ന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ രണ്ടു വരെയും 525 രൂപ പിഴയോടെ ഡിസംബർ മൂന്നുവരെയും 1050 രൂപ സൂപ്പർ ഫൈനോടെ ഡിസംബർ നാലുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/2084/2019)

## എം.ജി. എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോ കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനം ഉദ്ഘാടനവും അനുമോദനവും 30ന്

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്ന കമ്പ്യൂട്ടർ പരീക്ഷ പരിശീലന സംവിധാനത്തിന്റെ ഉദ്ഘാടനവും ബ്യൂറോ നടത്തുന്ന വിവിധ മത്സര പരിശീലന പരിപാടികളിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കിയവരെയും റാങ്ക് പട്ടികകളിൽ ഇടം നേടുകയും ചെയ്തവരെ അനുമോദിക്കുന്ന 'സഫലം 2019' പരിപാടിയും നവംബർ 30ന് സർവകലാശാലയിൽ നടക്കും. ഉച്ചകഴിഞ്ഞ് രണ്ടിന് ഗൈഡൻസ് ബ്യൂറോയിൽ നടക്കുന്ന ചടങ്ങ് രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ ഉദ്ഘാടനം ചെയ്യും.

ചീഫ് പ്രൊഫ. ടി.വി. തുളസീധരൻ അധ്യക്ഷത വഹിക്കും. എംപ്ലോയ്മെന്റ് എറണാകുളം മേഖല ഡെപ്യൂട്ടി ഡയറക്ടർ എം.എൻ. പ്രഭാകരൻ മുഖ്യപ്രഭാഷണം നടത്തും. പ്രൊഫ. എം. പദ്മനാഭൻ

പരീക്ഷ പരിശീലനത്തിന്റെ ഉദ്ഘാടനം സബ് റീജണൽ എംപ്ലോയ്മെന്റ് ഓഫീസർ എ.എം. സോണിയ നിർവഹിക്കും. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കെ.എം. ഉമ്മർ ഫലകം അനാച്ഛാദനം ചെയ്യും. ഡെപ്യൂട്ടി ചീഫ് ജി. ജയശങ്കർ പ്രസാദ്, പി.പി. നാരായണൻ, ഡോ. കെ.എസ്. ബാസ്റ്റിയൻ, സി.ജെ. നെൽസൺ എന്നിവർ പങ്കെടുക്കും.

(പി.ആർ.ഒ/39/2085/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ